ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഒരു പരാതി ലഭിച്ചിരുന്നു. കാത്ത് ലാബും, ഡയാലിസിസ് യൂണിറ്റും സ്വകാര്യ ആശുപത്രിക്ക് കൈമാറിയിട്ടില്ല.

(ബി) ആലപ്പുഴ ജില്ലയിലെ 'സാഗര' സഹകരണ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശവാസികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിനായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് കേപ്പുമായി പ്രസ്തുത ആശുപത്രി ധാരണയുണ്ടാക്കിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ വന്ന സാഹചര്യത്തിൽ ടി ആശുപത്രി ഈ ധാരണയിൽനിന്നും പിന്മാറുകയുണ്ടായി. ഈ വിവരമാണ് കേപ്പ് ഡയറക്ടർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുള്ളത്.

(സി) ഇല്ല.

ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള നിയമനം

157 (524) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടതെപ്പോഴാണ്;

(ബി) ഈ തസ്തികയിലേക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നൽകുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തിക ഉൾപ്പെടെ നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത് 25-4-1995-ലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 3:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയും നേരിട്ടും നിയമനം നടത്തേണ്ട ഈ തസ്തികകളിലേക്ക് ഇതുവരെ 166 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

ജില്ലാ സഹകരണ ബാങ്കുകൾ	റിപ്പോർട്ട് ചെയ്ത ഒഴിവുകൾ
തിരുവനന്തപുരം	18
കൊല്ലം	14
പത്തനംതിട്ട	15
ആലപ്പുഴ	10
കോട്ടയം	16
ഇടുക്കി	11
എറണാകുളം	11
തൃശ്ശൂർ	13
പാലക്കാട്	10
മലപ്പുറം	5
കോഴിക്കോട്	13
വയനാട്	8
കണ്ണൂർ	11
കാസർഗോഡ്	11
ആകെ	166

(സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP(C)No.31237/13, 31956-31957/13, 37265/13, 38067-38072/13 നമ്പരുകളിലായി അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ടി SLP-കളിലുള്ള ഇടക്കാല ഉത്തരവിൽ ടി തസ്തികയുടെ 31 ഒഴിവുകൾ മാറ്റിവയ്ക്കുവാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ നിയമനം ജില്ലാതലത്തിൽ നടത്തുന്നവയാണ്. ബഹുമാനപ്പെട്ട സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly

കോടതിയുടെ ഇടക്കാല ഉത്തരവിൽ ഏതൊക്കെ ജില്ലകളിലെ ഒഴിവുകളാണ് മാറ്റി വയ്ക്കേണ്ടത് എന്നത് സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പരിഷ്കരിച്ച ഉത്തരവിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി കോർട്ട് ഓഫ് രജിസ്ട്രിയിൽ പി.എസ്.സി.-യുടെ അഭിഭാഷകൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കമ്പോള ഇടപെടൽ രംഗത്തെ കൺസ്യൂമർഫെഡിന്റെ പരാജയം

158(525) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കമ്പോള ഇടപെടൽ രംഗത്ത് കൺസ്യൂമർഫെഡ് ഇത്രയധികം പരാജയപ്പെടാനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൺസ്യൂമർ ഫെഡിൽ നടക്കുന്ന അഴിമതികൾമൂലം ആ സ്ഥാപനത്തിന്റെ വിശ്വാസ്യത തന്നെ തകർന്നുപോയിരിക്കുന്നതായി അറിയാമോ ;

(സി) കൺസ്യൂമർഫെഡിന്റെ ഭരണസമിതിക്കെതിരെ, മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതികളും ക്രമക്കേടുകളും ചൂണ്ടിക്കാണിക്കുകയുണ്ടായോ ;

(ഡി) സഹകരണ അപ്പെക്സ് സ്ഥാപനത്തിന്റെ ഭരണ സമിതിക്കെതിരെ സർക്കാർ നിയോഗിച്ച സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതിയേയും കെടുകാര്യസ്ഥതകളെയും കുറിച്ച് പരാതി ഉന്നയിക്കുന്ന സാഹചര്യത്തിൽ സഹകരണ രജിസ്ട്രാറും സർക്കാരും നിർവ്വഹിക്കേണ്ടിയിരുന്ന നിയമ നടപടികൾ എന്തെല്ലാമായിരുന്നു ;

(ഇ) കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ നിയമാനുസരണം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; ഭരണ സമിതിയെ സൂപ്പർസീഡ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തായിരുന്നു ; ആയതിന് നോട്ടീസ് നൽകുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly